LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ചാർജ് ഇനത്തിൽ കോടതി ഇടപെടൽമൂലം കുടിശ്ശികയായ തുക

134 (5539) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡിന് കോടതി ഇടപെടൽമൂലം എത്ര കോടി രൂപയുടെ കുടിശ്ശിക പിരിക്കാൻ കഴിയാതെ വന്നിട്ടുണ്ട് ;

(ബി) കുടിശ്ശികയ്ക്ക് സ്റ്റേയുള്ള കേസ്സുകളിൽ യഥാസമയം അപ്പീൽ നൽകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) വൈദ്യുതി ബോർഡിന് കോടതി ഇടപെടൽമൂലം 4,19,71,82,550 രൂപയുടെ കുടിശ്ശിക പിരിക്കാൻ കഴിയാതെ വന്നിട്ടുണ്ട്.

(ബി) ഇല്ല.

2006 മേയ് മുതൽ വിവിധ വിഭാഗങ്ങൾക്ക് ഏർപ്പെടുത്തിയ വൈദ്യുതി ചാർജ് വർദ്ധന

135 (5540) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-മേയ് മുതൽ ഇതുവരെ വൈദ്യുതി ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് എപ്പോഴെങ്കിലും വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എപ്പോഴൊക്കെ ;

(സി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട ഉപഭോക്താക്കളുടെ നിരക്കുകളാണ് വർദ്ധിപ്പിച്ചത് ;

(ഡി) ഓരോ വിഭാഗത്തിലും യൂണിറ്റിന് വരുത്തിയ വർദ്ധനവ് എത്ര ;

(ഇ) ഓരോ വർഷവും ഇതുവഴി വൈദ്യുതി ബോർഡിന് ലഭിച്ച അധിക വരുമാനമെത്ര ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഇ) 2006 മേയ് മാസത്തിനുശേഷം 26-11-2007-ലെ സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം താരിഫ് പുനഃക്രമീകരിക്കുകയുണ്ടായി. 1-12-2007 മുതൽ എച്ച്.റ്റി IV വാണിജ്യ ഉപഭോക്താക്കളുടെ എനർജി ചാർജ്ജിൽ യൂണിറ്റിന് 50 പൈസ വർദ്ധിപ്പിക്കുകയുണ്ടായി. അതോടൊപ്പം തന്നെ എൽ.റ്റി. III, എൽ.റ്റി. VI സി, എൽ.റ്റി. VII (എ) , എൽ.റ്റി. VII (ബി) എന്നീ വിഭാഗങ്ങളിലെ ഉപഭോക്താക്കളുടെ വൈദ്യുതി നിരക്കിൽ കുറവുംവരുത്തിയിട്ടുണ്ട്. ഇവ മൊത്തമായി കണക്കാക്കിയാൽ പ്രതിമാസ വരുമാനത്തിൽ കുറവാണ് സംഭവിച്ചത്. ഇപ്രകാരം 2007-2008 സാമ്പത്തിക വർഷം ഏകദേശം 81 ലക്ഷം രൂപയുടെയും 2008-2009-ൽ ഏകദേശം 140 ലക്ഷം രൂപയുടെയും കുറവാണ് വരുമാനത്തിലുണ്ടായത്. 2009-2010 വർഷത്തെ കണക്കുകൾ ശേഖരിച്ചുവരുന്നു.

ഹൈടെൻഷൻ-എക്സ്ട്രാ ബില്ലിംഗ് സമ്പ്രദായംമൂലം കെ.എസ്.ഇ.ബി.ക്കുണ്ടായ നഷ്ടം

136 (5541) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെൻഷൻ-എക്സ്ട്രാ ഹൈടെൻഷൻ ബില്ലിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തിയത് എന്തെങ്കിലും പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിലാണോ ; പ്രസ്തുത പരിഷ്ക്കാരം നടത്തിയത് വിശദമാക്കുമോ;

(ബി) പ്രസ്തുത ബില്ലിംഗ് രീതിമൂലം കെ.എസ്.ഇ.ബി.-ക്ക് നഷ്ടം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്രയാണ് നഷ്ടമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എച്ച്.റ്റി.-ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ ഉപഭോഗ രീതിയുടെ അടിസ്ഥാനത്തിൽ ബോർഡ് നിർദ്ദേശിച്ച ബില്ലിംഗ് പരിഷ്കരണം നടപ്പിലാക്കുമ്പോൾ ബോർഡിനുണ്ടാകുന്ന സാമ്പത്തിക നേട്ടകോട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഇതുപ്രകാരം നിലവിലുണ്ടായിരുന്ന ബില്ലിംഗ് രീതിയും ബോർഡ് നിർദ്ദേശിച്ച രീതിയും വഴി ബോർഡിനുണ്ടാകുന്ന വരുമാനം ഏറെക്കുറെ സമാനമാകുമെന്ന് കണക്കാക്കിയിരുന്നു. എന്നാൽ പ്രസ്തുത രീതിയിൽ നിന്നു വിഭിന്നമായിട്ടാണ് കമ്മീഷൻ എച്ച്.റ്റി-ഇ.എച്ച്.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ് സമ്പ്രദായം അംഗീകരിച്ചത്.

(ബി) ഉണ്ട്. ഏകദേശം 4.5 കോടി രൂപയുടെ വരുമാനക്കുറവ് പ്രതിമാസം ഉണ്ടാകുമെന്നാണ് പ്രാഥമികമായി കണക്കാക്കപ്പെട്ടിട്ടുള്ളത്. ഈ കുറവ് നികത്താനുള്ള പെറ്റീഷൻ റെഗുലേറ്ററി കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്.